<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1751</u> <u>11-10-2024 - ൽ മറുപടിയ്ക്ക്</u>

<u>കോളജ് തലങ്ങളിലെ ഗസ്റ്റ് ലെക്ചറർമാർക്കുള്ള ശമ്പളം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2023 -ലെ കേരള ബഡ്ജറ്റിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് അടിയന്തര നടപടിയെന്ന നിലയിൽ സർവകലാശാല, കോളജ് തലങ്ങളിലെ ഗസ്റ്റ് ലെക്ചറർമാർക്കുള്ള ശമ്പളം 50000 ആയി വർധിപ്പിക്കും എന്ന് പ്രഖ്യാപിച്ചത് നടപ്പാക്കിയോ ; നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ഈ പ്രഖ്യാപനം നടപ്പിലാക്കാൻ സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ; ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ; | (എ) | യു.ജി.സി യോഗ്യത ഉള്ള അതിഥി അധ്യാപകർക്ക് പ്രതിദിനം 2000/- രൂപ നിരക്കിൽ ഒരു മാസം പരമാവധി 50,000/-രൂപയും, യു.ജി.സി യോഗ്യത ഇല്ലാത്ത അതിഥി അധ്യാപകർക്ക് പ്രതിദിനം 1800/- രൂപ നിരക്കിൽ ഒരു മാസം പരമാവധി 45,000/- രൂപയും വേതനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു . |
| (ബി) | കോളേജുകളിൽ ഒരു വർഷത്തേക്ക് മാത്രമായി അതിഥി അദ്ധ്യാപകരെ നിയമിക്കുന്നത് വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ബാധിക്കും എന്നുള്ളതുകൊണ്ട് 5 വർഷത്തെ കരാറടിസ്ഥാനത്തിൽ അതിഥി അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടികൾ എന്തെങ്കിലും കൈകൊണ്ടിട്ടുണ്ടോ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ